# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3083 — 15.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ സാധനങ്ങളുടെ വിലനിയന്ത്രണം

ചോദ്യം
ശ്രീ. ആർ. രാജേഷ്

ഉത്തരം
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി ചെറുപയർ, വൻകടല, വൻപയർ, ഉഴുന്ന് ബോൾ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പ് വരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും S. P റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ വഴിയും ഇന്റേണൽ ഓഡിറ്റ് വിഭാഗം ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തി വരുന്നു.

കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിൽ ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണിവില പിടിച്ചു നിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ